# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര
**Email: cohagmet@kau.in&kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 42/2021 (83) ചൊവ്വാഴ്ച** | **തീയ്യതി 12.10.2021**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 113.7 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 29.0 മുതൽ 33.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.1 മുതൽ 24.5 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 92 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 71 മുതൽ 91 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.9 മുതൽ 2.7 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.3 മുതൽ 8.1 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.3 മുതൽ 2.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 13.10.2021 | 14.10.2021 | 15.10.2021 | 16.10.2021 | 17.10.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 45 | 40 | 40 | 20 | 20 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 24 | 24 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 99 | 99 | 99 | 99 | 99 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 4 | 2 | 8 | 8 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 230 | 230 | 200 | 250 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട **മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായതോ അതിശക്തമായതോ ആയ മഴയ്ക്കും** സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുടുതൽ മഴ ലഭിക്കാൻ സാധ്യത.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്താവൂ.** | | |
| നെല്ല് (മുണ്ടകൻ) ഞാറുപരുവം | ഓലചുരുട്ടിപ്പുഴു | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| തെങ്ങ് | പരിചരണം | രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡുവായി 500 ഗ്രാം യൂറിയ, 800 ഗ്രാം രാജ്ഫോസ്, ഒരു കിലോ പൊട്ടാഷ് എന്നിവ തെങ്ങൊന്നിന് ഇട്ടുകൊടുക്കാവുന്നതാണ്. വള പ്രയോഗത്തിന് 7 10 ദിവസങ്ങൾക്ക് മുന്നേ ഒരു കിലോ കുമ്മായം ഇട്ടുകൊടുക്കാം. (ഒന്നാം വളപ്രയോഗത്തിനു മുന്നേ കൊടുത്തിട്ടില്ലെങ്കിൽ).മണ്ണ് പരിശോധനാ ഫലങ്ങൾക്കനുസൃതമായി മഗ്നീഷ്യംസൽഫേറ്റ് 500 ഗ്രാം, ബൊറാക്സ് 50 ഗ്രാം എന്നിവ നൽകാവുന്നതാണ്. |
| മഞ്ഞൾ | ഇലകരിച്ചിൽ രോഗം | മഴക്കാലത്ത് അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം രോഗങ്ങൾക്ക് സാധ്യതയുണ്ട്. രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. മുൻ കരുതലായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികൊണാസോൾ (റ്റിൽറ്റ്), രണ്ട് ഗ്രാം സാഫ്, രണ്ടര ഗ്രാം കോപ്പർഓക്സിക്ളോറൈഡ് (ബിൽടോക്സ്/ബ്ലൂകോപ്പർ), രണ്ട് ഗ്രാം കോപ്പർ ഹൈഡ്രോക്സഡ്, ഒരു ഗ്രാം കാർബെൻഡാസിം എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്. |
| ഇഞ്ചി | ഫില്ലോസ്റ്റിക്റ്റ ഇലപ്പുള്ളി രോഗം | |
| | മൂടുചീയൽ | മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചിയിൽ മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിങ് പൗഡറും 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗങ്ങൾ | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക. |
| മൃഗസംരക്ഷണം | കാലിതീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ വെയിലത്ത് ഉണക്കേണ്ടതാണ്. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തണം. (caadeccs, kvasu,മണ്ണുത്തി) | |